# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 182     10.12.2012 ലെ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>,, എ. പി. അബ്ദുള്ളക്കുട്ടി :<br>,, ഐ. സി. ബാലകൃഷ്ണൻ :<br>,, ഷാഫി പറമ്പിൽ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ്മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | കണ്ണൂരിലെ ഗ്രീൻഫീൽഡ് എയർപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം 2008 ൽ ലഭിച്ചു.<br>പ്രതിരോധമന്ത്രാലയം അറു വർഷ കാലാവധിക്കുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് 2012 ൽ പുതുക്കി നൽകിയിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്.<br>പദ്ധതിയ്ക്കായി ഏകദേശം രണ്ടായിരം ഏക്കർ ഭൂമി ആവശ്യമുള്ളതിൽ 1278 ഏക്കർ ഭൂമി ഇതിനോടകം ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ഇതുവരെ ഏറ്റെടുത്ത ഭൂമിയിൽ എയർപോർട്ടിന്റെ നിർമ്മാണം തുടങ്ങാൻ കഴിയുന്നതാണ്.<br>പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ഓഹരിമൂലധനമായിട്ടും കടമായിട്ടും ആയിരിക്കും സ്വരൂപിക്കുന്നത്. സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഓഹരി വിഹിതം പൂർണ്ണമായി സ്വരൂപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യമൂലധനത്തിനുള്ള ഓഹരി |

| | | | |
|---|---|---|---|
| | | | അലോട്ട്മെന്റ് നടന്നുവരുന്നു. പദ്ധതി നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് കടമായിട്ട് എടുക്കേണ്ട ധനം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>ഇന്റഗ്രേറ്റഡ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ലോകോത്തര നിലവാരമുള്ള കൺസൾട്ടന്റായ മെസേഴ്സ് എയ്കോം ഏഷ്യയെ നിയമിക്കുകയും അവർ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br>പദ്ധതി നടത്തിപ്പിനായുള്ള കിയാലിന്റെ പ്രോജക്റ്റാഫീസ് മട്ടന്നൂരിൽ ബഹു. മുഖ്യമന്ത്രി 2012 ഡിസംബർ 6-ാം തീയതി ഉദ്ഘാടനം ചെയ്യുന്നതാണ |
| (ബി) | ഇതിന്റെ പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പരിസ്ഥിതി ആഘാതപഠനത്തിനായി കേരള സർക്കാർ സ്ഥാപനമായ സെസ്സിനെ ചുമതപ്പെടുത്തുകയും അവർ പഠനം പൂർത്തിയാക്കി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . മട്ടന്നൂരിൽ 2012 ഡിസംബർ 18 ന് പബ്ലിക് ഹിയറിംഗിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (സി) യും (ഡി) യും | നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാരംഭ ഘട്ടമായ എർത്ത് വർക്കിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. അതനുസരിച്ച് ലഭിച്ച 26 അപേക്ഷകളിൽ ഒന്നുമാത്രമാണ് യോഗ്യത നേടിയത്. ഈ സാഹചര്യത്തിൽ റീടെണ്ടർ ചെയ്യാനും റൺവേ, ടാക്സിവേ, എയർക്രാഫ്റ്റ് പാർക്കിംഗ് ഏരിയ തുടങ്ങിയ ഓപ്പറേഷണൽ ഏരിയായിൽ ഉള്ള കോൺക്രീറ്റ്, ബിറ്റുമിനസ്, തുടങ്ങിയ മറ്റുജോലികൾ ഉൾപ്പെടുത്തി, പുതിയ ടെണ്ടർ നടപടി |
| (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| | | | കൾ കൺസൾട്ടെന്റിന്റെ സഹായത്തോടെ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതിയിലുണ്ടായിരുന്ന നിബന്ധനകളിൽ സംസ്ഥാന താൽപര്യത്തിന് അനുകൂലമായ ഇളവുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (ഇ) | പ്രതിരോധ വകുപ്പിന്റെ അനുമതിയിൽ സംസ്ഥാന താൽപര്യത്തിന് അനുകൂലമായി താഴെപ്പറയുന്ന ഇളവുകൾ ലഭിച്ചിട്ടുണ്ട് :<br><br>(i) എയർപ്പോർട്ടിനുള്ളിൽ 10 ഏക്കർ ഭൂമി സൗജന്യമായി വേണമെന്നതിനു പകരം കിയാലിൽ നിന്നും നാമമാത്രമായ വാടകയ്ക്ക് ദീർഘകാല പാട്ടത്തിനു ഭൂമി ഏറ്റെടുക്കുവാൻ സമ്മതം അറിയിച്ചിട്ടുണ്ട്.<br>(i) കിയാൽ ബോർഡിൽ സതേൺ നേവൽ കമാന്റ് പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിന് പകരമായി ഹൈജാക്ക് തുടങ്ങിയ അത്യാസന്ന ഘട്ടങ്ങളിൽ തീരുമാനമെടുക്കാനുള്ള ഉന്നതാധികാര സമിതിയിൽ അവർ നിർദ്ദേശിക്കുന്ന പ്രതിനിധിയെ ഉൾപ്പെടുത്തുവാനുള്ള സമ്മതം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ